പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3480 - 16.12.2015 - ൽ മറുപടിയ്ക്ക്

**ആശ്വാസകിരണം പദ്ധതി**

ചോദ്യം ഉത്തരം

ശ്രീ.ബി.സത്യൻ ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആശ്വാസകിരണം പദ്ധതിയിലുൾപ്പെടുത്തി ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലും, നഗരൂർ, കിളിമാന്നൂർ, കരവാരം, മണമ്പൂർ, ഒറ്റൂർ, ചെറുന്നിയൂർ, വക്കം, പുളിമാത്ത്, പഴയകുന്നുമ്മേൽ പഞ്ചായത്തുകളിലും എത്രപേർക്ക് സഹായം ലഭിക്കുന്നുണ്ടെന്ന് പേരും മേൽവിലാസവുമുൾപ്പെടെ പഞ്ചായത്തുകൾ തിരിച്ച് വ്യക്തമാക്കാമോ ; ഇനിയെത്ര അപേക്ഷകളിൽമേൽ നടപടി സ്വീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിന്നും സഹായം ലഭ്യമാക്കാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ ? | (ബി) | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി/ഓട്ടിസം മൂലം അവശതയുള്ളവർ, പലവിധകാരണങ്ങളാൽ ശയ്യാവലംബികളായവർ തുടങ്ങിയവർക്ക് പരിചരണം നൽകേണ്ടതിനാൽ മറ്റ് തൊഴിലുകളിൽ ഏർപ്പെടാൻ കഴിയാത്തവരായ ബന്ധുക്കൾ, മറ്റ് സഹായികൾ എന്നിവരെ കെയർഗിവർ എന്ന നിലയിൽ ഗുണഭോക്താക്കളായി കണക്കാക്കി ധനസഹായം അനുവദിക്കുന്നതാണ്. 100% അന്ധരായവർക്ക് പരസഹായം നൽകുന്നവരെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>പരിചരിക്കപ്പെടുന്നവർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആശ്രയ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്നവരോ ബി.പി.എൽ പട്ടികയിൽപ്പെട്ട കുടുംബത്തിലുള്ളവരോ ആയിരിക്കണം. ആശ്രയ/ബി.പി.എൽ |

| | | | |
|---|---|---|---|
| | | | പട്ടികയിൽപ്പെടാത്തവരാണെങ്കിൽ അവരുടെ വാർഷിക കുടുംബവരുമാനം ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയിലും നഗരപ്രദേശത്തിലുള്ളവർക്ക് 22,375/- രൂപയിലും അധികരിക്കരുത്.<br>അർഹതയുള്ള വ്യക്തി (കെയർഗിവർ) നിശ്ചിത മാതൃകയിലുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് സമർപ്പിക്കേണ്ടതാണ്.<br>അപേക്ഷകൻ പരിചരണം നൽകുന്ന വ്യക്തി ഏതെങ്കിലും അവശത അനുഭവിക്കുന്ന ആളാണെന്ന് ഒരു സർക്കാർ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റും അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ